# കേരള സർവകലാശാല

നം. പി.ആർ.175/2017 ഫോൺ : 2305738

## പത്രക്കുറിപ്പ്

### സർട്ടിഫിക്കറ്റ് കോഴ്സ് പരീക്ഷ

കേരള സർവകലാശാല നടത്തുന്ന 'മനുഷ്യാവകാശവും കടമകളും' എന്ന സർട്ടിഫിക്കറ്റ് കോഴ്സിന്റെ പരീക്ഷ ആഗസ്റ്റ് 19 രാവിലെ 10 മണിക്ക് കാര്യവട്ടം നിയമ പഠനവകുപ്പിൽ നടക്കും. പരീക്ഷാഫോറം നിയമ പഠനവകുപ്പിന്റെ ഓഫീസിൽ നിന്നും ലഭിക്കും. പരീക്ഷാഫോറം സമർപ്പിക്കാനുള്ള അവസാന തീയതി ആഗസ്റ്റ് 14 വൈകുന്നേരം മൂന്ന് മണി. കൂടുതൽ വിവരങ്ങൾക്ക് ഫോൺ: 0471-2308936.

### ലക്ചറർ : അപേക്ഷ ക്ഷണിച്ചു

കേരള സർവകലാശാല രാജാ രവിവർമ സെന്റർ ഓഫ് എക്സലൻസ് ഫോർ വിഷ്വൽ ആർട്ട്സ്, മാവേലിക്കരയിൽ കരാറടിസ്ഥാനത്തിൽ ലക്ചറർ ഇൻ ആർട്ട് ഹിസ്റ്ററി നിയമനത്തിന് അപേക്ഷ ക്ഷണിച്ചു. അവസാന തീയതി ആഗസ്റ്റ് 11. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) Job Notifications എന്ന ലിങ്കിൽ ലഭിക്കും.

(എല്ലാ എഡിഷനുകളിലും പ്രസിദ്ധീകരിക്കാൻവേണ്ടി)

### ബി.എൽ.ഐ.എസ്.സി പ്രവേശന വിജ്ഞാപനം

കേരള സർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള വൈറ്റ് മെമ്മോറി യൽ കോളേജ് ഓഫ് ആർട്ട്സ് & സയൻസ് ഫോർ വിമെൻ നടത്തുന്ന ഏകവ ത്സര ബി.എൽ.ഐ.എസ്.സി (2017-18) കോഴ്സിലേക്കുള്ള പ്രവേശന വിജ്ഞാ പനം സർവ്വകലാശാല വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

### ഇന്റർവ്യൂ

കേരള സർവകലാശാലയുടെ യു.ഐ.ടി-കളിലേക്ക് ബിസിനസ് മാനേജ്മെന്റ് വിഷയത്തിൽ കോൺട്രാക്ട് ലക്ച്ചറർ തസ്തികയിലേക്ക് അപേക്ഷിച്ച ഉദ്യോ ഗാർത്ഥികളുടെ ഇന്റർവ്യൂ ആഗസ്റ്റ് ഏഴ്, ഒൻപത് തീയതികളിൽ രാവിലെ 10.00 മണിക്ക് നടക്കുന്നതാണ്. ഇന്റർവ്യൂ മെമ്മോ ലഭിച്ചവർ അന്നേ ദിവസം പാളയം സർവകലാശാല ആസ്ഥാനത്ത് ഹാജരാകേണ്ടതാണ്.

### എം.എസ്സി കംപ്യൂട്ടേഷണൽ ബയോളജി ഫലം

കേരള സർവകലാശാല ഏപ്രിലിൽ നടത്തിയ എം.എസ്സി കംപ്യൂട്ടേഷണൽ ബയോളജി 2015-17 ബാച്ച് (സി.എസ്.എസ്) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. രാജേഷ് കുമാർ മൗര്യ (COB 150511/2017) ഒന്നാം റാങ്ക് കരസ്ഥമാക്കി.

### ബി.എഡ് സ്പോട്ട് അഡ്മിഷൻ

കേരള സർവകലാശാലയുടെ കീഴിലുള്ള ട്രെയിനിംഗ് കോളേജുകളിലും കേരള സർവകലാശാല കോളേജ് ഓഫ് ടീച്ചർ എഡ്യുക്കേഷനുകളിലും 2017-19 അധ്യയന വർഷത്തെ ബി.എഡ് കോഴ്സിലേക്ക് ഒഴിവുള്ള സീറ്റുകളിൽ ആഗസ്റ്റ് 8, 9 തീയതികളിൽ സ്പോട്ട് അഡ്മിഷൻ അതത് കോളേജുകളിൽ നട ത്തുന്നതാണ്. അഡ്മിഷൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ അസൽ സർട്ടിഫി

ക്കറ്റുകളുമായി രാവിലെ 10 മണിക്ക് മുമ്പായി കോളേജുകളിൽ നേരിട്ട് ഹാജരാകണം. എല്ലാ കോളേജുകളും ആഗസ്റ്റ് 11-നകം അഡ്മിഷൻ നടപടികൾ പൂർത്തിയാക്കേണ്ടതാണ്.

**<u>ബി.എ ഫലം</u>**

കേരള സർവകലാശാല 2016 നവംബറിൽ നടത്തിയ രണ്ടാം സെമസ്റ്റർ ബി.എ സി.ബി.സി.എസ് (2010, 2011 & 2012 സ്കീം സപ്ലിമെന്ററി) ഫലവും കരട് മാർക്ക്ലിസ്റ്റും വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണയത്തിനും ആഗസ്റ്റ് 26 വരെ അപേക്ഷക്കാം.

തിരുവനന്തപുരം.
04.08.2017

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

e-mail: ku.release@gmail.com website: www.keralauniversity.ac.in